പെരിന്തൽമണ്ണ ചേലാമലയിലെ അലിഗഡ് മലപ്പുറം കേന്ദ്രം സന്ദർശിക്കാനെത്തിയ കേന്ദ്ര വിദേശകാര്യ-മാനവിഭവ ശേഷി വികസന മന്ത്രി ഇ. അഹമ്മദിനെ മുൻ എം.പി പി.വി അബ്ദുൽ വഹാബ്, മഞ്ഞളാംകുഴി അലി എം.എൽ.എ, പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ, നാലകത്ത് സൂപ്പി, മന്ത്രി പി.കെ അബ്ദുറബ്ബ്, പി. അബ്ദുൽ ഹമീദ്, ടി.എ അഹമ്മദ് കബീർ എം.എൽ.എ, അലിഗഡ് വി.സി ഡോ.പി.കെ അബ്ദുൽ അസീസ് തുടങ്ങിയവർ സ്വീകരിക്കുന്നു

അലിഗഡ് മലപ്പുറം കേന്ദ്രം തുടർനടപടികളുമായി മുന്നോട്ടുപോകും: കേന്ദ്രമന്ത്രി ഇ. അഹമ്മദ്

■ സ്വന്തം ലേഖകൻ
പെരിന്തൽമണ്ണ

അലിഗഡ് മുസ്‌ലിം സർവകലാശാലയുടെ മലപ്പുറം പ്രത്യേക കേന്ദ്ര നിഗൂഢിത മാതൃകയിൽ തന്നെ യാഥാർത്ഥ്യമാക്കാൻ കേന്ദ്രസർക്കാർ നടപടികൾ സ്വീകരിച്ചുവരികയാണെന്നും മറിച്ചുള്ള പ്രചാരണങ്ങൾക്ക് യാതൊരു അടിസ്ഥാനമില്ലെന്നും മാനവവിഭവ ശേഷി വികസന വകുപ്പിന്റെ അധിക ചുമതല കൂടി വഹിക്കുന്ന വിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദ് പ്രസ്താവിച്ചു.

അലിഗഡ് മലപ്പുറം കേന്ദ്രത്തിനായി സംസ്ഥാന സർക്കാർ ഏറ്റെടുത്ത് സർവകലാശാലക്ക് കൈമാറിയ 324 ഏക്കർ വരുന്ന ചേലാമലയും എം.ബി.എ, എൽ.എൽ.ബി കോഴ്സുകൾ നടന്നുവരുന്ന വാടക കെട്ടിടവും സന്ദർശിച്ചതിനു ശേഷം വാർത്താ ലേഖകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചേലാമലയിൽ നിർദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികൾ സംബന്ധിച്ച ചർച്ചകൾക്കും വിലയിരുത്തലിനുമായി സംസ്ഥാന വിദ്യാഭ്യാസ മന്ത്രി പി.കെ. അബ്ദുറബ്ബും മന്ത്രി അഹമ്മദിനൊപ്പമുണ്ടായിരുന്നു. നടന്നുവരുന്ന പദ്ധതിയെന്ന നിലക്ക് അലിഗഡ് മലപ്പുറം കേന്ദ്രത്തിന്റെ നിർമ്മാണത്തിന് യാതൊരു തടസ്സവുമില്ലെന്നും സ്വാഭാവിക കാലതാമസവും അപ്രതീക്ഷിതമായ തടസ്സങ്ങളും മറികടന്ന് യഥാസമയം കാമ്പസ് യാഥാർത്ഥ്യമാകുമെന്നും അദ്ദേഹം പറഞ്ഞു. ചില കോടതി വ്യവഹാരങ്ങളും കാലാവസ്ഥയും ഉണ്ടാക്കിയ കാലതാമസമല്ലാതെ നിലവിൽ തടസ്സങ്ങളൊന്നുമില്ല. മാനവവിഭവ ശേഷി വികസന വകുപ്പിന്റെ ചുമതലയേറ്റെടുത്തയുടൻ താൻ തന്നെ മുൻകയ്യെടുത്ത് അലിഗഡ് കേന്ദ്രങ്ങൾ സംബന്ധിച്ച് ഡൽഹിയിൽ പ്രത്യേക യോഗം ചേർന്നതായും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. പൂർണ തോതിൽ വികസിതമായ കാമ്പസായി മലപ്പുറം ഉൾപ്പെടെയുള്ള കേന്ദ്രങ്ങളെ മാറ്റിയെടുക്കും. അലിഗഡ് കേന്ദ്രം നിർമ്മാണത്തിനാവശ്യമായ സൗകര്യങ്ങൾ ചേലാമലയിൽ ഒരുക്കുവാൻ സംസ്ഥാന മന്ത്രി ഉമ്മൻ ചാണ്ടിയുടെ അധ്യക്ഷതയിൽ കഴിഞ്ഞ ജൂൺ 28ന് തലസ്ഥാന തിരുവനന്തപുരത്ത് യോഗം ചേർന്നിരുന്നു. 6 വകുപ്പു മന്ത്രിമാരും പെരിന്തൽമണ്ണ, മങ്കട എം.എൽ.എമാരും ഉദ്യോഗസ്ഥരും അലിഗഡ് വൈസ് ചാൻസലറും മലപ്പുറം കേന്ദ്രം ഡയറക്ടറും യോഗത്തിൽ പങ്കെടുത്തിരുന്നു. വഴി, വെള്ളം, വൈദ്യുതി എന്നിവ സജ്ജീകരിക്കാൻ ഏകദേശം 4 കോടി രൂപയാണ് സപ്ലിമെന്റി ബജറ്റിൽ വകയിരുത്താൻ മന്ത്രിസഭ അനുമതി നൽകിയിരിക്കുന്നത്. അലിഗഡ് കേന്ദ്രത്തിനായി പ്രത്യേക താൽപര്യത്തോടെ പ്രവർത്തിക്കുന്ന സംസ്ഥാന സർക്കാറിനെ മന്ത്രി അഹമ്മദ് പ്രത്യേകം അഭിനന്ദിച്ചു. കേന്ദ്ര - സംസ്ഥാന സർക്കാറുകളുടെയും സർവ്വകലാശാലയുടെയും സഹകരണത്തോടെ മലപ്പുറം പ്രത്യേക കേന്ദ്രം സ്ഥാപിക്കാനുള്ള നടപടികൾ മുന്നോട്ടുപോകും. കേന്ദ്ര പൊതുമരാമത്ത് വകുപ്പ് നിർമിക്കുന്ന ചുറ്റുമതിൽ നിർമാണം ചേലാമലയിൽ പൂർത്തിയായി വരുന്നതായും മന്ത്രി വിശദീകരിച്ചു.

കാസർകോട് പെരിയയിലെ കേന്ദ്ര സർവകലാശാലയുടെ നിർമ്മാണവും പുരോഗതിയിലാണെന്ന് മന്ത്രി അറിയിച്ചു. എല്ലാ സംസ്ഥാനങ്ങളിലും കേന്ദ്ര സർവകലാശാലകൾ സ്ഥാപിക്കുകയെന്നതാണ് കേന്ദ്ര സർക്കാർ നിലപാടെന്നും അദ്ദേഹം പറഞ്ഞു. നിലമ്പൂരിൽ നിന്ന് തിരുവനന്തപുരത്തേക്ക് പ്രഖ്യാപിച്ച രാജ്യറാണി എക്സ്പ്രസ് ബോഗികൾ ലഭ്യമാകുന്ന മുറക്ക് ഒട്ടും വൈകാതെ ഓടിത്തുടങ്ങുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

എം.എൽ.എമാരായ മഞ്ഞളാംകുഴി അലി, ടി.എ. അഹമ്മദ് കബീർ, ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് സുഹ്റ മമ്പാട്, അലിഗഡ് വൈസ്ചാൻസലർ ഡോ. പി.കെ. അബ്ദുൽഅസീസ്, കേന്ദ്ര എം.എച്ച്.ആർ.ഡി സെക്രട്ടറി ജുഗിലാൽ സിംഗ്, മുൻ എം.പി പി.വി. അബ്ദുൽവഹാബ്, അലിഗഡ് സർവകലാശാല കോർട്ട് മെമ്പർ പാണക്കാട് സയ്യിദ് ബഷീറലി ശിഹാബ് തങ്ങൾ, മുൻമന്ത്രി നാലകത്ത് സൂപ്പി, ജില്ലാ മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറി പി. അബ്ദുൽഹമീദ്, ജില്ലാ പഞ്ചായത്തംഗങ്ങളായ ഉമ്മർ അറക്കൽ, സലീം കുരുവമ്പലം, ടി. ഹാജറുമ്മ ടീച്ചർ, ജില്ലാ കലക്ടർ എം.സി. മോഹൻദാസ്, ബ്ലോക്ക് പ്രസിഡണ്ട് പി.കെ. അബൂബക്കർ ഹാജി, നഗരസഭാ ചെയർപേഴ്സൺ കെ. സുധാകുമാരി, അലിഗഡ് മലപ്പുറം കേന്ദ്രം ഡയറക്ടർ ഡോ. പി. മുഹമ്മദ്, സ്ഥലപ്പെടുത്ത് വിഭാഗം ഡെപ്യൂട്ടി കലക്ടർ പി. വി. അബ്ദാസ്, തഹസിൽദാർ ജോസഫ്, അഡീഷണൽ തഹസിൽദാർ ജോയി ജോൺ, സ്പെഷൽ ഓഫീസർ അലി അസ്കർ, സ്പെഷ്യൽ തഹസിൽദാർ പി.വി. രാധാദാസ്, ടി.പി. അഷ്റഫലി, പച്ചീരി നാസർ, നഹാസ് പാറക്കൽ എന്നിവരും മന്ത്രിയെ അനുഗമിച്ചിരുന്നു.